**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 353 — 28.05.2019- ൽ മറുപടിയ്ക്ക്

## സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ലാസ്റ്റ് ഗ്രേഡ് നിയമനം

ചോദ്യം — മറുപടി

ശ്രീ.കെ.എൻ.എ.ഖാദർ

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ഏതെല്ലാം കമ്പനി/ബോർഡ്/ കോർപ്പറേഷനുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനങ്ങളാണ് പി.എസ്.സി. വഴി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്; | (എ) യും (ബി) യും (സി) യും | സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ പി.എസ്.സി. വഴിയല്ല നിയമനം നടത്തുന്നത്. സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടി കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. ഓർഫനേജ് കൺട്രോൾ ബോർഡിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനം ദിവസ വേതന അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത തസ്തികയിലെ നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് നടപടി സ്വീകരിക്കാത്ത ഏതെല്ലാം സ്ഥാപനങ്ങളുണ്ടെന്നും നാളിതുവരെയായിട്ടും നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് നടപടി സ്വീകരിക്കാത്തതിന് കാരണമെന്താണെന്നും അറിയിക്കുമോ; | | |
| (സി) | സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള എല്ലാ കമ്പനി/ബോർഡ്/ കോർപ്പറേഷനുകളിലെയും നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**